(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-9/1617/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി
തൊടുപുഴ,തീയതി:24.11.2017
Ph:04862 227332
E-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം:- കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്-2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)അസി.ഡവലപ്മെന്റ് കമ്മീഷണർ, പൈനാവ്, ഇടുക്കി.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഐ.ഡി.കെ.9/1617/2017 തീയതി:24.11.2017

## ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 16.3.2017 മുതൽ 4.11.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 3 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എസ്. മുരളീദാസ് | |
| | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 6.11.2017 മുതൽ 9.11.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ടി.എസ് ധനജയൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ബെന്നി മാത്യൂ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. എബി എബ്രാഹം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജോമോൻ ഫ്രാൻസിസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഷാലി ജോളി | 1.4.2016 മുതൽ 31.3.2017വരെ |
| സെക്രട്ടറി | ശ്രീ. എം വി അപ്രേം (അധികചുമതല) | 1.4.2016 മുതൽ 20.6.2016വരെ |
| | ശ്രീ. പി എ മുഹമ്മദ് സലിം | 21.6.2016 മുതൽ31.3.2017വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | ശ്രീ എം എസ് സന്തോഷ് കുമാർ | 1.4.2016 മുതൽ 20.9.2017വരെ |
| | ശ്രീ കെ എം ഉഷാനന്ദൻ | 21.9.2016മുതൽ31.3.2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി വണ്ടൻമേട് | ഡോ. ബിജു ഫിലിപ്പ് | 31.3.2016 മുതൽ 26.7.2016 വരെ |
| | ഡോ റ്റിജു പി ജോസഫ് | 27.7.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി ഉപ്പുതറ | ഡോ. കെ ഇ സെബാസ്റ്റ്യൻ | 1.4.2016 മുതൽ 31.3.2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ ജോർജ് എം എൽ | 1.4.2017 മുതൽ 31.3.2017 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ എൻ എം പ്രേംകുമാർ | 1.4.2016 മുതൽ 7.11.2016 വരെ |
| | ശ്രീ വി ജി ഗോപകുമാർ | 8.11.2016 മുതൽ 31.3.2017 വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ വി.ജി പ്രദീപ് കുമാർ | 1.4.2016 മുതൽ 30.5.2016 വരെ |
| | ശ്രീ സി ബി ബാലകൃഷ്ണൻ | 31.5.2016 മുതൽ 31.1.2017 വരെ |
| | ശ്രീ എം എസ് പ്രശാന്ത്<br>(അധികചുമതല) | 1.2.2017 മുതൽ 3.2.2017 വരെ |
| | ശ്രീ പി വൈ സുനീഷ് | 4.2.2017 മുതൽ 31.3.2017 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ, കൃഷി | ശ്രീ എ. റ്റി തോമസ് | 1.4.2016 മുതൽ 31.3.2017 വരെ |
| ചൈൽഡ് ഡെവലപ്മെന്റ് ഓഫീസർ | ശ്രീമതി സാലി റ്റി.സി | 1.4.2016 മുതൽ 15.8.2016 വരെ |
| | ശ്രീമതി ഇന്ദുലേഖ റ്റി.ആർ | 16.8.2016 മുതൽ 8.9.2016 വരെ |
| | ശ്രീമതി സാലി റ്റി.സി | 9.9.2016 മുതൽ16.11.2016 വരെ |
| | ശ്രീമതി ഇന്ദുലേഖ റ്റി. ആർ | 17.11.2016മുതൽ12.12.2016വരെ |
| | ശ്രീമതി സാലി റ്റി സി | 13.12.2016മുതൽ22.1.2017വരെ |
| | ശ്രീമതി ഇന്ദുലേഖ റ്റി ആർ | 23.1.2017 മുതൽ 5.2.2017 വരെ |
| | ശ്രീമതി ഷൈനി ഐസക് | 6.2.2017 മുതൽ 31.3.2017വരെ |

<u>ഉള്ളടക്കം</u>


| ഭാഗം 1 | | |
|---|---|---|
| ക്രമ നം. | ഖണ്ഡിക | ഖണ്ഡിക നമ്പർ |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |

| | | |
|---|---|---|
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ | 1-12 |
| ഭാഗം 3 | | |
| 13 | പത്താം തരം തുല്യതാ പരീക്ഷ രജിസ്ട്രേഷൻ ഫീസ് തുക നൽകിയത് സംബന്ധിച്ച് -ചെലവു തടസ്സം 50000/- രൂപ | 3-1 |
| 14 | ക്ഷീരകർഷക സംഗമവും കന്നുകാലി പ്രദർശനവും ,ചെലവു തടസ്സം തുക 10000/- | 3-2 |
| 15 | മാർഗ്ഗരേഖ ലംഘിച്ച് കംപ്യൂട്ടർ വാങ്ങിയത്, ചെലവ് തടസ്സം ,49900/- | 3-3 |
| ഭാഗം 4 | | |
| 16 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ) | 4-1 |
| 17 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ) | 4-2 |
| 18 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ) | 4-3 |
| 19 | വായ്പ - വായ്പ തിരിച്ചടവ് | 4-4 |
| 20 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 21 | ഓഡിറ്റ് റിക്കവറി | 4-6 |
| 22 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 23 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 24 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

| | | |
|---|---|---|
| 25 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.2.2016 തീയതിയിലെ ഒന്നാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ₹851406000ഉം ചെലവ് ₹850091000ഉം നീക്കിയിരിപ്പ് ₹1315000 ഉം ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.17 | 30.6.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 29514341 |
| വരവ് | 80870835 |
| ആകെ | 110385176 |
| ചെലവ് | 89536389 |
| നീക്കിയിരിപ്പ് | 20848787 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 40925926 | 19473449 | 47.58 |
| വികസനഫണ്ട് എസ്.സി.പി. | 10985019 | 7228104 | 65.80 |
| വികസനഫണ്ട് ടി.എസ്.പി. | 4484478 | 1898790 | 42.34 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 6736228 | 3641864 | 54.06 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 89 | 71199984 | 56 | 33527847 | 0 | 33 | 62.92 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

-ഇല്ല-

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 126.02 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | - | - | - | - |
| നികുതിയേതര വരവുകൾ | 34837 | 32149 | (-)2688 | (-) 7.72 |
| മറ്റുവരവുകൾ | 88301 | 51278 | (-) 37023 | (-) 41.93 |
| ആകെ | 123138 | 83427 | (-) 39711 | (-) 32.25 |

## 1-8 ക്ഷേമപദ്ധതികൾ

-ഇല്ല-

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.11.2017ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ നീക്കിയിരിപ്പൊന്നുമുണ്ടായിരുന്നില്ല.

## 1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകൾ സൂക്ഷിച്ചിരിക്കുന്നത് തൃപ്തികരമായാണ്. എന്നാൽ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. വരവിനങ്ങളുടെ രജിസ്റ്ററുകൾ തൃപ്തികരമായി സൂക്ഷിച്ചിട്ടില്ല. മിനിട്ട്സ് ബുക്കിൽ തീരുമാനങ്ങൾക്ക് നമ്പർ രേഖപ്പെടുത്തുകയോ പങ്കെടുത്ത അംഗങ്ങളുടെ പേരുവിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്യുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ലഭ്യമല്ല | | |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.3.2015 മുതൽ 13.3.2015 വരെ | 2009-10 മുതൽ 2013-14 വരെ | 1.6.2015 |

## 1-12 വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ

1.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2.വാടക രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനങ്ങളിലുള്ള വരവുകളുടെ കൃത്യത പരിശോധിക്കാനായില്ല.

3. താഴെ വിശദമാക്കുന്ന അക്കൗണ്ടുകളുടെ വിശദാംശംങ്ങൾ ബി-17 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

| അക്കൗണ്ട് നം. | ബാങ്കിന്റെ പേര് | ഇടപാടുകാരന്റെ പേര് | ഇനം | നിലവിലുള്ള ബാലൻസ് (31.10.2017) |
|---|---|---|---|---|
| 67149152185 | എസ് ബി ഐ കട്ടപ്പന | ബ്ലോക്ക് പ്രോഗ്രാം ഓഫീസർ | MGNREGS | 90977 |
| 352802010015269 | യു ബി ഐ കട്ടപ്പന | ബി ഡി ഒ കട്ടപ്പന | MPLADS, MLASDF | 196960 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പത്താം തരം തുല്യതാ പരീക്ഷ രജിസ്ട്രേഷൻ ഫീസ് തുക നൽകിയത് സംബന്ധിച്ച് -ചെലവു തടസ്സം 50000/-രൂപ

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം 6/17 പ്രകാരം പത്താം തരം തുല്യതാ പരീക്ഷ പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ് നൽകിയ ഇനത്തിൽ 50000/-രൂപ , (ബിൽ നം 24/16-17, 27.2.17 ) ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി, തിരുവനന്തപുരം, നൽകിയിട്ടുണ്ട്. മേൽ കോഴ്സിന്റെ ഫീസ് ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ എന്നിവിടങ്ങളിൽ നിന്നു മാത്രമേ നൽകാവൂ എന്ന മാർഗ്ഗരേഖ സർക്കുലർ നം.48360/എഫ്.എം.1.2009 ത.സ്വ.ഭ.വ 06.10.2009ൽ നിർദ്ദേശമുള്ളപ്പോൾ ബ്ലോക്കിൽ നിന്നും തുക നൽകിയത് ക്രമവിരുദ്ധമാണ്. ആയതിനാൽ 50000/-രൂപയുടെ ചെലവു ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 ക്ഷീരകർഷക സംഗമവും കന്നുകാലി പ്രദർശനവും ,ചെലവു തടസ്സം തുക 10000/-

ഡയറി എക്സ്റ്റൻഷൻ ഓഫീസർ, കട്ടപ്പന ബ്ലോക്ക് നടത്തിയ ക്ഷീരകർഷക സംഗമവും കന്നുകാലി പ്രദർശനവും എന്ന പരിപാടിക്ക് ബ്ലോക്ക് ഓഫീസിൽ നിന്ന് 10000/- രൂപ , ചെക്ക് നം 1568177, 1.12.16, നൽകിയിട്ടുണ്ട് .

ജി.ഒ എം.എസ് 362/2013 ത.സ്വ.ഭ.വ തീ:16.11.13, ഖണ്ഡിക 7.7 പ്രകാരം ഉത്പാദന പരമല്ലാത്ത

പരിപാടികളായ ക്യാമ്പയിനുകൾ, മേളകൾ മുതലായവ തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ പാടില്ല. അനുവാദമില്ലാത്ത പദ്ധതിക്ക് വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് മാർഗ്ഗരേഖകൾക്ക് വിരുദ്ധമാണ്. മാർഗ്ഗരേഖക്ക് വിരുദ്ധമായ ചെലവായതിനാൽ ചെലവഴിച്ച 10,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 മാർഗ്ഗരേഖ ലംഘിച്ച് കമ്പ്യൂട്ടർ വാങ്ങിയത്, ചെലവു തടസ്സം 49900/- രൂപ

ഡയറി എക്സ്റ്റൻഷൻ ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങിയ ഇനത്തിൽ 49990/- രൂപ, ചെക്ക് നം1568237,15.2.17 പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. മേൽ വാങ്ങലിന് പ്രോജക്ട് തയ്യാറാക്കുകയോ അംഗീകൃത ടെണ്ടർ വിളിക്കുകയോ ചെയ്തിട്ടില്ല. ഡയറി എക്സ്റ്റൻഷൻ ഓഫീസിൽ നിന്നും ആവശ്യപ്പെട്ട പ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ള കംപ്യൂട്ടർ വാങ്ങി നൽകുകയാണ് ചെയ്തത്. ക്ഷമതയുള്ള അധികാരിയുടെ നിർദ്ദേശപ്രകാരമല്ല സ്പെസിഫിക്കേഷൻ നിശ്ചയിച്ചിരിക്കുന്നത്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ 49900/- രൂപയുടെ ചെലവു ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

-ഇല്ല-

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

-ഇല്ല-

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

-ഇല്ല-

## 4-4 വായ്പ-വായ്പ തിരിച്ചടവ്

-ഇല്ല-

## 4-5 സ്ഥിരനിക്ഷേപങ്ങൾ

-ഇല്ല-

## 4-6 ഓഡിറ്റ് റിക്കവറി

-ഇല്ല-

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1998-99 | 31മുതൽ 43 വരെ | 2000-01 | അവലോകനം | കുടിവെള്ള/ജലസേചന പദ്ധതി അധിക ചെലവുകൾ |
| 2003-04 | 3(11) | 2006-07 | 3.35.1 | ഡെപ്പോസിറ്റ് വേലകൾ (K.S.E.B,KWA,KAICO) പൂർത്തിയാക്കിയിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 80870835 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 89536389 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 109900 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 50000 | ശ്രീ. പി എ മുഹമ്മദ് സലിം, സെക്രട്ടറി |
| 3-2 | 10000 | ശ്രീ ജോർജ് എം എൽ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-3 | 49900 | ശ്രീ ജോർജ് എം എൽ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

-ഇല്ല-

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96 & 1996-97 | എൽ.എഫ്.ഐ-3/400/98 തീ 31.07.2009 | - |

| | | |
|---|---|---|
| 1997-98 | എൽ.എഫ്.ഐ-3/401/91 തീ 31.07.2009 | - |
| 1998-99 | എൽ.എഫ്.ഐ-3/157/2000 തീ 30.09.2000 | - |
| 1999-2000 | എൽ.എഫ്.ഐ-3/310/02 തീ 31.08.2000 | - |
| 2000-01 | എൽ.എഫ്.ഐ-3/446/03 തീ 29.11.2003 | - |
| 2001-02 | എൽ.എഫ്.ഐ-4/280/04തീ 05.01.2005 | - |
| 2002-03 | എൽ.എഫ്.ഐ-4/130/05 തീ 28.02.2005 | - |
| 2003-04 | എൽ.എഫ്.ഐ-4/842/06തീ 09.03.2007 | - |
| 2004-05 | എൽ.എഫ്.ഐ-4/702/08 തീ 31.03.2009 | - |
| 2005-06 | എൽ.എഫ്.ഐ-4/331/09 തീ 10.08.2009 | - |
| 2006-07 | എൽ.എഫ്.ഐ-4/241/10 തീ 10.06.2011 | - |
| 2007-08 | എൽ.എഫ്.ഐ-4/239/10 തീ 19.06.2011 | - |
| 2008-09 | എൽ.എഫ്.ഐ-4/884/11 തീ 09.03.2012 | - |
| 2009-10 | എൽ.എഫ്.ഐ-4/885/11/09 തീ 09.03.2012 | - |
| 2010-11 | എൽ.എഫ്.ഐ-4/176/13 തീ 13.11.2013 | - |
| 2011-12 &2012-13 | എൽ.എഫ്.ഐ-4/236/14തീ.18.03.2014 | |
| 2013-14 & 2014-15 | കെ.എസ്.എ-ഐ.ഡി.കെ-09/1397/2015 തീ 16.12.2015 | |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.10/367/2017 തീയതി 27.3.2017/1.4.2017 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഐ.ഡി.കെ-9/1617/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
തൊടുപുഴ,തിയതി:24.11.2017
Ph:04862 227332
E-mail:doidk.ksad@kerala.gov.in

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2016-2017 ലെ വാർഷിക ധനകാര്യ പത്രിക , വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

# AUDIT CERTIFICATE

No.KSA-IDK-9/1617/2017

Kerala State Audit Department
District Audit Office,Idukki
Thodupuzha,Dated:24.11.2017
Ph:04862 227332
E-mail:doidk.ksad@kerala.gov.in

Certified that I have audited the Annual Financial Statement of Kattappana Block Panchayat in Idukki district for the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994 , the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kattappana Block Panchayat for the year 2016-2017 except the observations in my Audit Report properly presents the picture of Income and Expenditure.

SENIOR DEPUTY DIRECTOR
IDUKKI